## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.760 — 11-06-.2014-ൽ മറുപടിയ്ക്ക്

## ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. പി.എ. മാധവൻ.<br>ശ്രീ. ബെന്നി ബെഹനാൻ.<br>ശ്രീ. കെ. ശിവദാസൻ നായർ.<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (എ) പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നന്നായി പ്രവർത്തിക്കുന്നുണ്ട്. 2012 ഒക്ടോബർ മാസം മുതൽ ഔഷധ വിൽപ്പന ലൈസൻസുകൾ ഓൺലൈനായി നൽകി വരുന്നുണ്ട്. കൂടാതെ നിശ്ചിത ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളെക്കുറിച്ച് ഫാർമസിസ്റ്റ്, ഡോക്ടർമാർ, ഔഷധ വ്യാപാരികൾ തുടങ്ങിയവരെ എസ്.എം. എസ് മുഖേന വിവരം അറിയിക്കുന്നുമുണ്ട് |
| (ബി) ഈ സർക്കാരിന്റെ കാലത്ത് പുതിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ, കോഴിക്കോട്, കോന്നി തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള എന്തെല്ലാം അത്യാധുനിക സൗകര്യങ്ങളാണ് ലബോറട്ടറികളിൽ സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) High Performance Liquid Chromatography, GasChromatography, Atomic Absorption Spectrophotometer, Digital Polari meter തുടങ്ങിയ ഔഷധ ഗുണനിലവാര പരിശോധനയ്ക്കാവശ്യമായ അത്യാധുനിക ഉപകരണങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നത് |

| | |
|---|---|
| (ഡി) പുതിയ ലബോറട്ടറികൾ തുടങ്ങാൻ ലക്ഷ്യമിട്ടിട്ടുള്ളത് എവിടെയൊക്കെയൊ-ണെന്ന് വിശദമാക്കുമോ? | (ഡി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ, കോഴിക്കോട്, കോന്നി തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ